പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :5966 | 19.11. 2019 ൽ മറുപടിക്ക്

# വൈദ്യുതി ഉപകരണങ്ങളുടെ യഥാർത്ഥ ലോഡ് രേഖപ്പെടുത്തുന്നതിന് നടപടി

ചോദ്യം

ശ്രീ.പി.ഉബൈദുള്ള

മറുപടി

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന വൈദ്യുതി ഉപകരണങ്ങളുടെ യഥാർത്ഥ ലോഡ് രേഖപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബി. നൽകിയിട്ടുള്ള സമയപരിധി ദീർഘിപ്പിച്ചിട്ടുണ്ടോ;<br>(ബി) ലോഡ് കൃത്യമായി രേഖപ്പെടുത്താത്ത ഉപഭോക്താക്കളുടെ പേരിൽ പരിശോധന കർശനമാക്കുന്നതിന് ബോർഡ് തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;<br>(സി) കെ.എസ്.ഇ.ബി.യുടെ വിജിലൻസ് സ്ക്വാഡിനെ കൂടി ഇക്കാര്യത്തിൽ ഏർപ്പെടുത്തുകയും ക്രമക്കേട് നടത്തുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുകയും ചെയ്യുമോ? | (എ),(ബി),(സി)<br>ഉണ്ട്, ടി ഉപഭോക്താക്കൾക്ക് അപേക്ഷ ഫീസ്, പരിശോധനാഫീസ്, അധിക സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒഴിവാക്കി അവരുടെ യഥാർത്ഥ കണക്റ്റഡ് ലോഡ് സ്വയം വെളിപ്പെടുത്തുവാൻ ഉള്ള സമയം 31.03.2020 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. സംസ്ഥാനതലസ്ഥാനത്തിലുള്ള ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന് പുറമെ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും സ്പെഷ്യൽ സ്ക്വാഡുകളും റീജിയണൽ ആഡിറ്റ് ഓഫീസിൽ നിന്നും ഉള്ള സ്പെഷ്യൽ സ്ക്വാഡുകളും വൈദ്യുതി ദുരുപയോഗം തടയുന്നതിനായി പരിശോധനകൾ ഊർജ്ജിതമാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ